# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5389 — 01.07.2019 ൽ മറുപടിക്ക്

### ചെറുകിട വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പ്രളയത്തിൽ നാശം നേരിട്ട സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | 2018 ഓഗസ്റ്റിൽ സംസ്ഥാനം നേരിട്ട പ്രളയത്തിൽ നാശം സംഭവിച്ച എം.എസ്.എം.ഇ കളെ കണ്ടെത്തുന്നതിൽ വകുപ്പുതലത്തിൽ മൊബൈൽ സർവ്വേ സംഘടിപ്പിക്കുകയും ആയതിൻ പ്രകാരം കണ്ടെത്തിയ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേക്കായി 29.05.2019-ലെ സ.ഉ(സാധാ)436/2019/വ്യവ ഉത്തരവ് പ്രകാരം പ്രളയ പുനരുദ്ധാരണ പദ്ധതിയും (വിഹിതം 1000 ലക്ഷം രൂപ), 29.05.2019-ലെ സ.ഉ(സാധാ)435/2019/വ്യവ ഉത്തരവ് പ്രകാരം പ്രളയ പുനർനിർമ്മാണ പദ്ധതിയും (വിഹിതം 600 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ 17/12/2018 ലെ സ.ഉ.(കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. |
| ബി) | അസിസ്റ്റൻസ് ടു റീബിൽഡ് ഫ്ളഡ് അഫക്ടഡ് M.S.M.Es എന്നൊരു പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;<br>പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ; | ബി), സി) & ഡി) | ഉണ്ട്. Assistance to rebuid flood affected MSMEs (Flood Rebuild Scheme) എന്ന പദ്ധതിയ്ക്ക് G.O(Rt)No.436/2019/ID തീയതി 29-5-2019 എന്ന ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രാരംഭ സഹായം, നിക്ഷേപ സഹായം എന്നീ രണ്ടു ഘട്ടങ്ങളിലായി ധനസഹായം നൽകുന്നു.<br><br>അസ്സൽ ഡീറ്റെയിൽഡ് റിവൈവൽ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ടതും, നിലവിലുള്ളതും ഭാഗികമായി/പൂർണ്ണമായി പ്രളയത്തിൽ |
| സി) | നാശം സംഭവിച്ച കെട്ടിടങ്ങൾ, മെഷിനറികൾ, ഉപകരണങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനുള്ള നിക്ഷേപത്തിനാണോ ഈ സഹായം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതും ആയതിന്റെ തുടർനടപടികളും സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | | നഷ്ടപ്പെട്ടതുമായ യൂണിറ്റുകളുടെ സിവിൽ വർക്ക്, പ്ലാന്റ് ആന്റ് മെഷിനറി എക്യുപ്മെന്റ് എന്നീ സ്ഥിരാസ്തികളുടെ പുനരുദ്ധാരണത്തിനും പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനുമായി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 40% വരെ പരമാവധി 20 ലക്ഷം രൂപ വരെ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും 30 ലക്ഷം രൂപ വരെ പ്രത്യേക (സ്ത്രീകൾ, യുവസംരംഭകർ, പട്ടികജാതി-പട്ടികവർഗ്ഗം) വിഭാഗത്തിൽപ്പെട്ട സംരംഭകർക്കും സബ്സിഡി നൽകുന്നു.<br><br>ഈ പദ്ധതികൾക്കുള്ള അപേക്ഷകൾ അതാതു ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ജനറൽ മാനേജർമാർക്ക് സമർപ്പിക്കേണ്ടതും വ്യവസായമിത്ര എന്ന ജില്ലാതല കമ്മിറ്റി അപേക്ഷകൾ പരിഗണിക്കുന്നതും തീർപ്പാക്കുന്നതുമാണ്. |
| ഇ) | സ്ത്രീകൾ, യുവസംരംഭകർ, പട്ടകജാതി/ പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിൽ പ്രത്യേക സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; | ഇ) | ജനറൽ വിഭാഗത്തിന് Civil Work, Plant & Machinery, Equipment എന്നിവ ഉൾപ്പെട്ട സ്ഥിര നിക്ഷേപത്തിന് 15% പരമാവധി 20 ലക്ഷം രൂപ വരെ ധനസഹായം നൽകുമ്പോൾ പ്രത്യേക വിഭാഗത്തിൽപ്പെട്ടവർക്ക് (സ്ത്രീകൾ, യുവസംരംഭകർ, പട്ടികജാതി - പട്ടികവർഗ്ഗം) 20% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. |
| എഫ്) | വ്യവസായ വകുപ്പ് ശുപാർശ ചെയ്ത പ്രോജക്ട് റിപ്പോർട്ടിലെ, ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയുടെ ഒരുഭാഗം സ്റ്റാർട്ട്അപ്പ് സപ്പോർട്ട് എന്ന നിലയിൽ സബ്സിഡിയായി അനുവദിക്കുമോ; വ്യക്തമാക്കുമോ? | എഫ്) | ഒരു വ്യക്തമായ Revival Project Report ന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ അനുവദിക്കുന്ന ടേം ലോൺ, ധനകാര്യ സ്ഥാപനത്തിന്റെ ശുപാർശ എന്നിവ കണക്കിലെടുത്ത് പ്രാരംഭ സഹായമായി അർഹമായ ധനസഹായത്തിന്റെ 50% പരമാവധി 5 ലക്ഷം രൂപ വരെ അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**